**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 682** **30-01-2024 - ൽ മറുപടിയ്ക്ക്**

**എടരിക്കോട് ടെക്സ്റ്റയിൽസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട എടരിക്കോട് ടെക്സ്റ്റൈൽസിൽ ലേ ഓഫ് പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ സ്ഥാപനത്തിലെ തൊഴിലാളികൾക്ക് ശമ്പള കുടിശ്ശിക നൽകാനുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ; | (ബി) | ഉണ്ട്. എടരിക്കോട് ടെക്സ്റ്റൈൽസിലെ തൊഴിലാളികളുടെ ശമ്പള കുടിശ്ശിക ഇനത്തിൽ 99.92 ലക്ഷം രൂപ നൽകാനുണ്ട്. |
| (സി) | ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ ഗ്രാറ്റുവിറ്റി, പ്രൊവിഡന്റ് ഫണ്ട് കുടിശ്ശികകൾ എത്രയാണെന്ന് ഇനം തിരിച്ച് വിശദമാക്കാമോ; | (സി) | **1.പി.എഫ് കുടിശ്ശിക**<br><br>എടരിക്കോട് ടെക്സ്റ്റൈൽസിലെ പി.എഫ് കുടിശ്ശിക 680.53 ലക്ഷം രൂപയാണ്.<br><br>**2.ഗ്രാറ്റുവിറ്റി കുടിശ്ശിക**<br><br>എടരിക്കോട് ടെക്സ്റ്റൈൽസിൽ 98 തൊഴിലാളികൾക്കായി 292.50 ലക്ഷം രൂപ ഗ്രാറ്റുവിറ്റി ഇനത്തിൽ നൽകാനുണ്ട്. |
| (ഡി) | ഈ സ്ഥാപനം പൂർണതോതിൽ എന്നേക്ക് തുറന്ന് പ്രവർത്തിക്കുമെന്ന് വിശദമാക്കാമോ? | (ഡി) | മിൽ തുറന്ന് പ്രവർത്തനം ആരംഭിക്കുന്നത് സജീവ പരിഗണനയിലാണ്. ആയതിന്റെ ഭാഗമായി ജോബ് കൺവെർഷൻ മോഡലിലോ മറ്റേതെങ്കിലും രീതിയിലോ മിൽ വീണ്ടും തുറന്ന് പ്രവർത്തനം ആരംഭിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. മാനേജ്മെന്റ് ഇതിനോടകം തന്നെ ജോബ് കൺവെർഷനുള്ള ഓപ്പൺ ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ